ലേഖനം

# വനസംരക്ഷണ സമിതികളുടെ പ്രവർത്തനം ചർച്ചയ്ക്ക് ഒരു ആമുഖം

കെ.ജയകുമാർ (ജനറൽ സെക്രട്ടറി, കെ.എഫ്.പി.എസ്.എ)

വനപരിപാലനത്തിൽ ജനങ്ങളെ പങ്കെടുപ്പിക്കുക എന്ന ആശയം വനം വകുപ്പിന്റെ നാളിതു വരെയുള്ള പ്രവർത്തനത്തിൽ തികച്ചും വ്യത്യസ്തത പുലർത്തുന്നതായിരുന്നു.

1988 ലെ ദേശീയ വനനയം വനങ്ങളുടെ ഭരണസംവിധാനം, സംരക്ഷണം, വികസനം എന്നീ മേഖലകളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതിനെ തുടർന്നാണ് ജനങ്ങളുടെ സഹകരണത്തോടെയുള്ള വനപരിപാലനത്തിന് ഇന്ത്യയിൽ തുടക്കമിട്ടതെന്ന് പറയാം. ഇതിനുമുമ്പ് 1970 ൽ പശ്ചിമബംഗാളിലെ ആരാബാഗി എന്ന സ്ഥലത്ത് തദ്ദേശവാസികളെ ഉൾപ്പെടുത്തി സംയുക്ത വനപരിപാലനം നടത്തിയ അനുഭവവും ഇത്തരമൊരു സംരംഭത്തിന് പ്രചോദനമായി എന്നു പറയാം. പങ്കാളിത്ത വനപരിപാലനം (Participatory Forest Management - PFM) സംബന്ധിച്ച് 1990 ജൂൺ 1 ന് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കും മാർഗ്ഗരേഖ നൽകി. കേരളത്തിൽ 1998 മുതലാണ് ഈ സംരംഭം നടപ്പിലാക്കി തുടങ്ങിയത്. വനസംരക്ഷണസമിതികൾ (വി. എസ്. എസ്)/എക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ (ഇ.ഡി.സി) വഴിയാണ് പി.എഫ്. എം. നടപ്പിലാക്കുന്നത്. ശുഷ്ക്കവനങ്ങളെ പരിപോഷിപ്പിക്കുകയും വനാശ്രിതസമൂഹങ്ങളുടെ സാമൂഹ്യ-സാമ്പത്തിക നില മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയാണ് വി. എസ്.എസ്. 2006 ലെ കണക്കു പ്രകാരം കേരളത്തിൽ 368 വി. എസ്. എസ്-കൾ ഉണ്ട്. 165440 ഹെക്ടർ വനപ്രദേശം വി. എസ്.എസ്-കൾ പരിപാലിച്ചു വരുന്നു ണ്ട്. രണ്ടു വർഷത്തിനകം 500 വി.എസ്.എസ്-കൾ രൂപീകരിക്കണമെന്നും 250000 ഹെ. വനപ്രദേശത്ത് പി. എഫ്.എം നടപ്പിലാക്കണണെന്നുമാണ് വനം വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഈ സാഹചര്യത്തിൽ വനസംരക്ഷണസമിതികളെ KFPSA എങ്ങനെ നോക്കി കാണുന്നു എന്നത് ഒരു ചർച്ചക്ക് വിധേയമാക്കുന്നത് ഉചിതമായിരിക്കും എന്നു കരുതുന്നു. സാമൂഹ്യ പ്രതിബദ്ധതയുള്ള ജീവനക്കാർ എന്ന നിലക്കും ഒരു സർവീസ് സംഘടന എന്ന നിലക്കും ജനങ്ങളുടെ സഹകരണത്തോടെയുള്ള വനപരിപാലനം എന്ന ആശയത്തോട് പുറം തിരിഞ്ഞു നിൽക്കുക സാധ്യമല്ല. നടത്തിപ്പിൽ എന്തെല്ലാം ആക്ഷേപങ്ങൾ ഉണ്ടെങ്കിലും വി.എസ്. എസ് കളുടെ പ്രവർത്തനം ചില മേഖലകളിലെങ്കിലും ചലനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കേരളത്തിൽ വി. എസ്.എസ് ന്റെ പ്രവർത്തനം തുടങ്ങിയപ്പോൾ ജീവനക്കാരും സംഘടനയും ആശങ്കയോടെ തന്നെയാണിതിനെ കണ്ടത്. 90 കൾ മുതൽ നമ്മുടെ രാജ്യത്ത് ശക്തമായി നടപ്പിലാക്കി വരുന്ന ആഗോളവത്ക്കരണ നയങ്ങളുടെ അനുബന്ധമായി പി.എഫ്.എം നെ കാണുകയും അതുകൊണ്ടുതന്നെ സംഘടന അമിതാവേശം കാണിക്കാതെ ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരെ സംബന്ധിച്ച് നാളിതുവരെ അനുവർത്തിച്ച ശൈലിയിൽ നിന്നുള്ള മാറ്റത്തെ പെട്ടെന്ന് ഉൾക്കൊള്ളുവാനുള്ള ബുദ്ധിമുട്ടും ഉണ്ടായി. മുഖ്യമായും ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലത്തെ ആസ്പദമാക്കിയുള്ള പി.എഫ്.എം ന്റെ മാർഗ്ഗരേഖ കേരളം പോലെ വിദ്യാഭ്യാസപരമായും സാമൂഹ്യ മായും ഉയർന്ന നിലവാരം പുലർത്തുന്ന ഒരു പ്രദേശത്തേക്ക് പറിച്ച് നട്ടതിന്റെ ഒട്ടനവധി പ്രശ്നങ്ങൾ ഇപ്പോഴും നാം നേരിടുന്നുണ്ട്. ഉത്തരേന്ത്യൻ ഗ്രാമങ്ങളെപ്പോലെ പൂർണ്ണമായും വനാശ്രിത സമൂഹങ്ങൾ ആദിവാസി ജനതയൊഴികെ കേരളത്തിൽ ഇല്ലായെന്നു തന്നെ പറയാം. വനാശ്രിത ജനതക്ക് ആവശ്യമായ തടിയിതര വനോൽപ്പന്നങ്ങൾ ലഭ്യമാക്കി വനത്തിന്റെ സംരക്ഷണത്തിൽ അവരെകൂടി പങ്കാളികളാക്കാമെന്ന ആശയം കേരളത്തിന്റെ സാമൂഹ്യപശ്ചാത്തലത്തിൽ പ്രായോഗികമല്ല. വി.എസ്. എസുകൾ വഴി ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങളെ (സമൂഹത്തിന് ലഭിക്കുന്നവയല്ല മറിച്ച് വ്യക്തിക്ക് ലഭിക്കുന്നവ) മാത്രം ലക്ഷ്യമിട്ടു കൊണ്ടാണ് ഒട്ടുമിക്ക വാറും വി.എസ്.എസ് കളുടേയും പ്രവർത്തനം മുന്നോട്ടു പോകുന്നത് എന്ന് പരിശോധിച്ചാൽ വ്യക്തമാകും. വനസംരക്ഷണം സമൂഹത്തിന്റെ കൂടി ബാധ്യതയാണ് എന്ന കാഴ്ചപ്പാടോടു കൂടി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ എണ്ണം വളരെ കുറയും.

വി.എസ്.എസ്. പ്രവർത്തനവു

മായി ബന്ധപ്പെട്ട് ജനങ്ങളുടെ ഇടയ്ക്ക് വനംവകുപ്പ് ആദ്യ കാലത്ത് നടത്തിയ ചില പ്രചാര ണങ്ങൾ വസ്തുതാപരമായി ശരി യല്ലാത്തതും വനസംരക്ഷണത്തി ന് ദോഷകരവുമാണ്. നാളിതു വരെ വനംവകുപ്പ് ചെയ്തിരുന്ന പ്രവർത്തനങ്ങൾ മുഖ്യമായും സംരക്ഷണത്തിന് പോലീസിങ്ങ് നയമാണ് അനുവർത്തിച്ചിരുന്ന തെന്നും അത് തെറ്റായിരുന്നു വെന്നുമുള്ള പ്രചാരണം ശരിയല്ല. വി.എസ്. എസി ന്റെ പ്രവർത്തനം കേരള ത്തിൽ തുടങ്ങുന്നതിനു മുമ്പും പിമ്പും വനസംരക്ഷണ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർ ഒരു സംഘടനയുടെ രൂപത്തിലല്ലെങ്കിൽ കൂടി ജന ങ്ങളുടെ സഹകരണം തേടിയിരു ന്നു എന്നുള്ളതാണ് വസ്തുത. ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ട് വന സംരക്ഷണ ജോലി ചെയ്ത സ്ഥല ങ്ങളിലൊന്നും സംരക്ഷണ പ്രവർ ത്തനങ്ങൾ വിജയിച്ചിട്ടുമില്ല. പോലീസിങ്ങ് നയം മുഖ്യമായും കുറ്റാന്വേഷണ രംഗത്താണ് കൂടു തലും പ്രയോഗിച്ച് വരുന്നത്. കുറ്റ കൃത്യങ്ങൾ തെളിയിക്കുന്നതിന് പൂർവ്വകാലഘട്ടത്തിൽ അനുവർ ത്തിച്ചു പോന്നതിൽ നിന്നും വ്യത്യ സ്തമായി എന്ത് ശാസ്ത്രിത കുറ്റാ ന്വേഷ ണരീതിയാണ് വനം വകുപ്പ് വളർത്തി എടുത്തിട്ടുള്ളത് എന്നു കൂടി ഈ അവസരത്തിൽ പരിശോ ധിക്കുന്നത് ഉചിതമായിരിക്കും.

വി.എസ്.എസ്. കൾ നേരി ടുന്ന മറ്റൊരു വിഷയം രാഷ്ട്രീ യമായ ചേരിതിരിവുകളാണ്. വി.എസ്. എസ്. ഭരണസമിതികളി ലേക്ക് തിരഞ്ഞെടുപ്പ് വാശിയേ റിയ രാഷ്ട്രീയപോരാട്ടങ്ങളുടെ വേദിയാക്കുന്നത് പതിവായിരി ക്കുന്നു. ഇത് പിന്നീടുള്ള പ്രവർ ത്തനങ്ങളെ ബാധിക്കുന്നു. രാഷ്ട്രീ യ വൈരാഗ്യത്തിന്റെ പേരിൽ ആരോപണങ്ങൾ ഉന്നയിക്കുക യും അങ്ങനെ പ്രവർത്തനം മന്ദീ ഭവിപ്പിക്കുകയും ചെയ്യുന്നത് പതി വായിരിക്കുന്നു. ഇതിൽ നട്ടം തിരി യുന്നത് വി.എസ്. എസ് സെക്രട്ടറി ആയി പ്രവർത്തിക്കുന്ന ഉദ്യോഗ സ്ഥനായിരിക്കും.

വി.എസ്.എസ് കളും ഇ.ഡി. സി. കളും ഒരു ജനകീയ കൂട്ടാ യ്മയാണ്. ഇവിടെ വി.എസ്. എസ് സെക്രട്ടറി ആയി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന് അയാളുടെ താൽ പ്പര്യം അനുസരിച്ച് മാത്രം പ്രവർ ത്തിക്കുക സാധ്യമല്ല. പല വിധ ത്തിലുള്ള മേലുദ്യോഗസ്ഥന്മാരി ൽ നിന്നും ജനങ്ങളിൽ നിന്നും - സമ്മർദ്ദങ്ങൾക്കും അയാൾക്ക് വി ധേയനാകേണ്ടി വരാറുണ്ട്. നിയ മത്തിന്റെ നൂല് അയച്ചു കൊടു ക്കാൻ പലപ്പോഴും ഈ ഉദ്യാഗ സ്ഥൻ നിർബന്ധിതനാകാറുമുണ്ട്. പക്ഷേ ഇതുമൂലം എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും വഹി ക്കേണ്ടി വരുന്നത് വി. എസ്. എസ് സെക്രട്ടറി ആയിരിക്കും. ഈ അവസരം ദുരുപയോഗം ചെയ്യു ന്ന ഉദ്യോഗസ്ഥരും ഉണ്ടായേ ക്കാം. ഇത്തരം പ്രശ്നങ്ങളിൽ ഒ രു കൂട്ടുത്തരവാദിത്വത്തെ കുറിച്ച് ആലോചിക്കേണ്ട സമയം അതി ക്രമിച്ചിരിക്കുന്നു.

വി.എസ്.എസ് സെക്രട്ടറിയാ യി നല്ല രീതിയിൽ പ്രവർത്തിക്കു ന്ന ഉദ്യോഗസ്ഥന്മാർക്ക് യഥാ ർത്ഥത്തിൽ മറ്റു സംരക്ഷണ ജോ ലികളിൽ ഏർപ്പെടുന്നതിന് സമയം ലഭിക്കാറില്ല. ഇത് ഫീൽഡിൽ ബു ദ്ധിമുട്ട് ഉണ്ടാക്കുന്നതോടൊപ്പം ജീവനക്കാരന് ജോലി ഭാരം കൂട്ടു കയും ചെയ്യുന്നു. വി. എസ്. എസ് ഉം ആയി ബന്ധപ്പെട്ട് പ്രവർത്തി ക്കുന്ന ചിലർ ചില പ്രത്യേക സ്ഥല ങ്ങളിൽ എങ്കിലും സ്ഥലം മാറ്റ ത്തിൽ നിന്നും സംരക്ഷണം നേടു ന്നതിന് ഈ പദവി ഉപയോഗിച്ചു വരുന്ന പ്രവണതയും വർദ്ധിച്ചു വരുന്നുണ്ട്. വി.എസ്. എസ്. പരി ശീലനം ലഭിച്ചവരില്ല എന്ന കാര ണം പറഞ്ഞാണ് ഇങ്ങനെ സംര ക്ഷണം നേടുന്നത്. വി.എസ്. എസി ന്റെ പ്രവർത്തനത്തിൽ എല്ലാ ജീവ നക്കാർക്കും പരിശീ ലനം നൽകി ഇത്തരം വിഷയങ്ങൾ ഒഴിവാക്കു കയും പരാതികൾ പരിഹരിക്കുക യും ചെയ്യേണ്ടതാണ്.

താഴെതലത്തിലെ ഏതാനും ജീവനക്കാരുടെ മാത്രം ബാധ്യ തയും ഉത്തരവാദിത്വവും ആയി വി.എസ്.എസ് പ്രവർത്തനം വളർ ന്നു വരുന്നതായും കാണുന്നു. പ്രതിബദ്ധത ഉള്ള ഒരു മുകൾ തല സംവിധാനം ഇതുമായി ബന്ധപ്പെട്ട് ഇല്ലായെന്ന യാഥാർത്ഥ്യം മറച്ചു വെക്കേണ്ടതില്ല. വകുപ്പിലെ ഇതര വിഭാഗങ്ങൾ പോലെ ഒരു വിഭാഗം എന്നതിനപ്പുറത്തേക്ക് ഇതിനെ കാണുവാൻ സർക്കാരും തയ്യാറാ കേണ്ടിയിരിക്കുന്നു. കൊളോണി യലിസത്തിന്റെ അവശേഷിപ്പുകൾ നിലനിൽക്കുന്ന ചുരുക്കം വകുപ്പു കളിൽ ഒന്നായ വനം വകുപ്പിൽ, ഇത്തരം സമീപനങ്ങളിൽ നിന്നും വിമുക്തമായ ഒരു ശ്രേണി മുകളി ലേക്ക് വന്നെങ്കിൽ മാത്രമേ ഈ ജനകീയ സഹകരണത്തേയും കൂട്ടായ്മയേയും വിജയിപ്പിക്കു വാൻ സാധിക്കുകയുള്ളൂ. വി. എസ്.എസ്. ഏറ്റെടുത്തു നടത്തു ന്ന ജോലികളെ "വർക്കുകളായി" കാണുന്ന ശൈലി വളർന്നുവരുന്ന തും അഭികാമ്യമല്ല.

വി.എസ്.എസും ആയി ബന്ധ പ്പെട്ട് ജീവനക്കാരുടെ ഇടയിൽ നിന്ന് ഉയർന്നുവന്ന ഏതാനും പ്ര ശ്നങ്ങൾ ചൂണ്ടികാണിക്കുക മാത്ര മാണ് ഇവിടെ ചെയ്തിട്ടുള്ളത്. വിശാലമായ ഒരു ചർച്ചക്ക് വിധേയ മാക്കി ക്കൊണ്ട് ഇത്തരം അപാകത കൾ എങ്ങനെ പരിഹരിക്കാമെ ന്നും മെച്ചപ്പെട്ട രീതിയിൽ വി. എസ്. എസ്. പ്രവർത്തനം എങ്ങി നെ മുമ്പോട്ടു കൊണ്ടുപോകാം. എന്നതിനെ കുറിച്ചും നമുക്ക് ആലോചിക്കാം.

◆

## ജില്ലാവാർത്തകൾ — കൊല്ലം

KFPSA കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഏകദിന നിയമപഠനക്ലാസ്സും വിദ്യാഭ്യാസ അവാർഡ് വിതരണവും 21-11-2006 ന് തെന്മല ശെന്തുരുണി ഇൻഫർമേഷൻ സെന്ററിൽ വച്ചുനടന്നു. ജില്ലാ പ്രസിഡന്റ് എസ്.സുരേഷ് ബാബു സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി റ്റി. സുരേഷ് കുമാർ സ്വാഗതമാശംസിച്ചു.

KFPSA സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. വിജയകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. സർക്കിൾ തലത്തിലെ ഫോറസ്റ്റ് ഗാർഡുമാരുടെ പ്രമോഷൻ, ട്രെയിനിംഗ് പരിഷ്ക്കരണം, ശമ്പളപരിഷ്ക്കരണത്തിലെ അപാകത, സർവ്വീസ് റൂൾ ഭേദഗതി, പുതിയ സർക്കാരിലുള്ള പ്രതീക്ഷ ഇവ ഉദ്ഘാടകൻ വിശദമായി പ്രതിപാദിച്ചു.

SSLC, CBSE ക്യാഷ് അവാർഡ് വിതരണം ദക്ഷിണ മേഖലാവനം കൺസർവേറ്റർ കെ. ജെ. വർഗീസ് IFS നിർവ്വഹിച്ചു. SSLC ഒന്നും രണ്ടും സ്ഥാനങ്ങൾക്കുള്ള ക്യാഷ് അവാർഡ് യഥാക്രമം ഫോറസ്റ്റർ ശങ്കരപിള്ളയുടെ മകൾ കുമാരി അഞ്ജു ശങ്കർ, ഫോറസ്ററർ കെ. വിജയൻ നായരുടെ മകൾ കുമാരി ആരോമൽ രാഖി എന്നിവർ ഏറ്റുവാങ്ങി. CBSE ക്യാഷ് അവാർഡിനു പത്തനാപുരം റെയ്ഞ്ചിലെ ഫോറസ്റ്റ് ഗാർഡ് വിജയകുമാരൻ നായരുടെ മകൾ കുമാരി ആർ. ഉത്തരാവിജയ് അർഹയായി. എൻ. ബാലകൃഷ്ണപ്പിള്ള IFS (തെന്മല ഡി.എഫ്.ഒ), വി. പ്രസന്നൻ (പുനലൂർ ഡി.എഫ്.ഒ), എ. പി. സുനിൽ ബാബു (ശെന്തുരുണി, വൈൽഡ് ലൈഫ് വാർഡൻ) പി. എസ്. ചന്ദ്രദാസ് (KFPSA സംസ്ഥാന കമ്മിറ്റി അംഗം) എന്നിവർ ആശംസാപ്രസംഗം നടത്തി.

ഉച്ചയ്ക്കുശേഷം "വനനിയമങ്ങളും നടപടിക്രമങ്ങളും" എന്ന വിഷയത്തെ അധികരിച്ച് കെ. രാജു തോമസ് (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്ത് ഡിവിഷൻ) ക്ലാസ്സ് എടുക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ജില്ലാ ഖജാൻജി എ. രാഹുലൻ നന്ദി പറഞ്ഞു.

**കെ. ഗോപകുമാർ ജില്ലാലേഖകൻ**

## ജില്ലാവാർത്തകൾ — കണ്ണൂർ

**സംസ്ഥാന നേതാക്കൾക്ക് സ്വീകരണവും വൃക്ഷം വളർത്തൽ ഭേദഗതി ആക്ട് ചർച്ചയും ശ്രീ. ഫ്രാൻസിസ് സേവ്യർ ഡിസിൽവ ഫോറസ്റ്റർക്ക് യാത്രയയപ്പും കണ്ണൂർ ജില്ലാ കമ്മിറ്റിയും** ആഭിമുഖ്യത്തിൽ 28-11-2006 ന് മേലെ ചൊവ്വ പ്രൊവിഡൻസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. ജില്ലാ പ്രസിഡന്റ് കെ. കെ. കുഞ്ഞിക്കണ്ണന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന ജന. സെക്രട്ടറി കെ. ജയകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉത്തരമേഖലാ സെക്രട്ടറി കെ. രാജ, ഒലവക്കോട് മേഖലാ സെക്രട്ടറി കെ. രാധാകൃഷ്ണൻ, സംസ്ഥാന കമ്മറ്റി അംഗം പി. പി. വിജയൻ, പി. പി. ഭക്തദാസൻ പ്രസംഗിച്ചു. കെ. പി. അബ്ദുൽ വഹാബ് 'വൃക്ഷം വളർത്തൽ ഭേദഗതി ആക്ട്' വിഷയം അവതരിപ്പിച്ചു. 30-11-06 ന് സർവ്വീസിൽ നിന്ന് വിരമിക്കുന്ന ശ്രീ. ഫ്രാൻസിസ് സേവ്യർ ഡിസിൽവ ഫോറസ്റ്റർക്കുള്ള ജില്ലാകമ്മറ്റിയുടെ ഉപഹാരം സംസ്ഥാന ജന. സെക്രട്ടറി സമർപ്പിച്ചു. ജില്ലാ സെക്രട്ടറി വി. ഹരിദാസ് സ്വാഗതവും ജില്ലാ ഖജാൻജി പി. രതീശൻ നന്ദിയും പറഞ്ഞു.


## ജില്ലാവാർത്തകൾ — കോഴിക്കോട്

28-02-2007 നു വനം വകുപ്പിൽ നിന്നും വിരമിച്ച ഡെപ്യൂട്ടി റെയിഞ്ചർ **ശ്രീ. കുമാരൻ ചൊടലക്കലിന്** (ടിമ്പർ സെയിൽസ് ഡിവിഷൻ, കോഴിക്കോട്) കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസ്സോസിയേഷൻ ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ യാത്രയയപ്പു നൽകി.

ജില്ലാ പ്രസിഡന്റ് കെ. ജെ. ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യാത്രയയപ്പുസമ്മേളനം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആർ. ആർ. ശുക്ല IFS ഉദ്ഘാടനം ചെയ്തു. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായ സിദ്ധപ്പ IFS, ശ്രീ. ലഖ്വീന്ദർ സിംഗ് IFS, വിജിലൻസ് കൺസർവേറ്റർ സി. ബാലചന്ദ്രൻ നായർ IFS എന്നിവരും വിവിധ സംഘടനകളെ പ്രതിനിധീകരിച്ചു. കുന്നോത്ത് ഗോപാലകൃഷ്ണൻ, കെ. ഉണ്ണികൃഷ്ണൻ, സി. പ്രമോദ്, ടി. പി. രാജൻ എന്നിവർ പ്രസംഗിച്ചു. ടി.പി. ശങ്കരൻ നമ്പൂതിരി സ്വാഗതവും, ടി. പി. മനോജ് നന്ദിയും പറഞ്ഞു.

ക്കാൾ വളരെ കുറച്ചുസമയമേ അതിനെടുത്തുള്ളൂ... സൃഷ്ടിയേക്കാളും വളരെ എളുപ്പമാണ് നശിപ്പിക്കുന്ന പ്രവൃത്തി. ഞങ്ങൾ ഒടുവിൽ പണി നിറുത്തിയപ്പോൾ കൂരപ്പുറത്ത് ചിതറിക്കിടക്കുന്ന ഒരു പിടി മണ്ണേ ആകെ ബാക്കിയുണ്ടായിരുന്നുള്ളൂ. എല്ലാം കഴിഞ്ഞപ്പോൾ ഞങ്ങൾക്കിടയിലും ആ ഫാക്ടറി കെട്ടിടത്തിലും ഒരു നിശ്ചലത നിറഞ്ഞുനിന്നു. കാൽക്കീഴിലെ നിർജ്ജീവമായ കറുത്ത ടാറുതേച്ച നിലത്തേയ്ക്ക് ഞങ്ങളെല്ലാവരും നോക്കി. ആ പ്രതലത്തിന്റെ പരുപരുപ്പ് ഞങ്ങളുടെ ഷൂസുകളുടെ അടിവശം കൊണ്ട് ഞങ്ങൾക്ക് അറിയാമായിരുന്നു. കഠിനാധ്വാനം ചെയ്ത മാംസപേശികളുടെ കഴപ്പ് പോലെ എന്തോ ഒരു വേദന മാത്രം ഞങ്ങളുടെ മനസ്സുകളിൽ ബാക്കി നിറുത്തിയിട്ട് ദേഷ്യമൊക്കെ ഞങ്ങളുടെ ഉള്ളിൽ നിന്ന് ഒഴിഞ്ഞുപോയിരുന്നു.

ഞങ്ങളെപോലെ തന്നെ ആ നാശത്തെക്കുറിച്ച് ചിന്തിച്ചു കൊണ്ട് ടി.ജെ.യും ഒരു നിമിഷം നിന്നു. ദേഷ്യം കൊണ്ടും അധ്വാനം കൊണ്ടും അവന്റെ ശ്വാസം പതുക്കെയായിരുന്നു. ഒടുവിൽ അവൻ ഞങ്ങളുടെ കാൽക്കീഴിൽ ചവിട്ടി അരയ്ക്കപ്പെട്ട അവസാനത്തെ ഒരു പുൽനാമ്പ് പതുക്കെ കുനിഞ്ഞെടുത്ത് പല്ലുകൾക്കിടയിൽ വച്ച് കടിച്ച് പിടിച്ച് രുചിച്ചു. ആ പുൽനാമ്പിന്റെ പച്ചപ്പ് അവൻ തന്റെ ഉള്ളിലേയ്ക്ക് വലിച്ചെടുത്തു. എന്നിട്ട് ഞങ്ങളാരും അനങ്ങാൻ തുടങ്ങുന്നതിനു മുമ്പ് തന്നെ കോണിപ്പടിയുടെ അടുത്തേയ്ക്കു നടന്ന് താഴേയ്ക്കിറങ്ങിത്തുടങ്ങി. ഞങ്ങൾ അവനെ പിന്തുടരാൻ തുടങ്ങിയപ്പോഴേയ്ക്കും അവൻ താഴെ എത്താറായിക്കഴിഞ്ഞിരുന്നു. കോണിപ്പടിയിൽ നിന്നും പലകയും കടന്ന് ഞങ്ങളുടെ കെട്ടിടത്തിനുള്ളിലൂടെ താഴോട്ടിറങ്ങി അവൻ കെട്ടിടത്തിനുള്ളിലൂടെ താഴോട്ടിറങ്ങി അവൻ കെട്ടിടങ്ങൾ ക്കിടയിലു ള്ള ഇടനാഴിൽ എത്തി. ഞങ്ങൾ കോരിയെറിഞ്ഞ, താഴെ കോൺക്രീറ്റിൽ ചിതറികിടക്കുന്ന ആരുടേതുമല്ലാത്ത ആ ചെറിയ മൺകൂന



നോക്കിനിൽക്കുന്ന ടി. ജെ. യെയാണ് ഞങ്ങൾ പിന്നെ കണ്ടത്. പിന്നീട് അവൻ ഞങ്ങൾക്ക് കാണാവുന്നിടത്തു നിന്ന് മാറി റോഡിന്റെ വശത്തേയ്ക്കു നീങ്ങി നടന്നു മറഞ്ഞു. ഒന്നു തിരിഞ്ഞുപോലും നോക്കാതെ, അവനെ തന്നെ നോക്കി നിന്ന ഞങ്ങളെ ഒന്നു തല പൊക്കി നോക്കുകപോലും ചെയ്യാതെ അവൻ അപ്രത്യക്ഷനായി.

രണ്ടാഴ്ച അവനെ ആർക്കും കണ്ടുപിടിക്കാനായില്ല. പിന്നെ നാഷ്വില്ലിയിലെ ചരക്കുതീവണ്ടി സ്റ്റേഷന്റെ തൊട്ടടുത്തു നിന്ന് പോലീസുകാർ അവനെ കണ്ടെത്തി. അവൻ അപ്പോഴും തീവണ്ടിപ്പാളത്തിലൂടെ നടക്കുകയായിരുന്നു. തെക്കോട്ട് - അവന്റെ നാട്ടിലേയ്ക്ക്.....


തന്നിലേയ്ക്ക് മടങ്ങിവരാൻ ഞങ്ങളെ വിളിക്കുന്ന ഒരു നാടില്ലാത്ത ഞങ്ങളാവട്ടെ... ഞങ്ങൾ ആരുംതന്നെ പിന്നീടൊരിക്കലും ആ ഫാക്ടറിക്കൂരയിലേക്ക് കയറിപ്പോയതേയില്ല.

◆

ലേഖനം

# മുത്തങ്ങ - ഓർമ്മകളിലെ നോവുകൾ

പി. മാധവൻനായർ, ഫോറസ്റ്റർ - റിട്ടയേർഡ്



2003 ജനുവരി ആദ്യം, ആദിവാസി ഗോത്ര മഹാസഭയുടെ നേതൃത്വത്തിൽ മുത്തങ്ങ വന്യജീവി സങ്കേതത്തിൽ അതിക്രമിച്ചു കടക്കാൻ സാദ്ധ്യതയുണ്ടെന്ന് അജ്ഞാത സന്ദേശം ലഭിച്ച ഉടൻ തന്നെ മേലധികാരത്തിലേക്ക് റിപ്പോർട്ടു ചെയ്യുന്നു. പ്രതീക്ഷിച്ചതിലും വേഗത്തിൽ സി.കെ. ജാനുവിന്റേയും ഗീതാനന്ദന്റേയും മറ്റും നേതൃത്വത്തിൽ നൂറുകണക്കിന് ഗോത്രമഹാസഭാപ്രവർത്തകർ മുത്തങ്ങയിലെ വന്യജീവി സങ്കേതം കയ്യേറുന്നു. ജനുവരി 4 ന് ഉന്നത ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ഒഴിഞ്ഞു പോവാൻ ആവശ്യപ്പെടുകയും ചെയ്തു. മുഖ്യമന്ത്രി എ. കെ. ആന്റണി വന്നാൽ മാത്രമേ ഞങ്ങൾ ചർച്ചക്ക് ത യ്യാറാവൂ എന്ന് സി.കെ. ജാനുവും ഗീതാനന്ദനും പറയുന്നു.

മുത്തങ്ങ വന്യജീവി സങ്കേതത്തിലെ അമ്പുകുത്തി, തകരപ്പാടി, കാക്കപ്പാടം തുടങ്ങിയ സ്ഥലങ്ങൾ കയ്യേറ്റകോളനികളായി മാറുന്നു. പൊതുവെ ഫോറസ്റ്റുകാരോട് നല്ല സമീപനമാണ് ആദ്യം ഉണ്ടായതെങ്കിൽ പിന്നീട് അവർ അവരുടെ ചെക്ക്പോസ്റ്റ് സ്ഥാപിക്കുകയും അവിടെ കടക്കണമെങ്കിൽ 2 രൂപ ഫീസ് ഈടാക്കുകയും ചെയ്തു. അവസാനകാലഘട്ടമായ പ്പോഴേക്കും അവർ കയ്യേറിയ സ്ഥലത്തേക്ക് ഫോറസ്റ്റുകാരേയോ നാട്ടുകാരായ ആദിവാസികളെയോ പോലും കടത്താതെ അവരുടെ സാമ്രാജ്യമാക്കി തീർക്കുകയും സ്വയംഭരണം പ്രഖ്യാപിക്കുകയും ശക്തമായ കാവൽ ഏർപ്പെടുത്തുകയും ചെയ്തു. കുറച്ചു പോലീസുകാരെ കൊണ്ടു വന്നതല്ലാതെ വന്യജീവി സങ്കേതത്തിലെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിൽ ഡിപ്പാർട്ടുമെന്റു ഭാഗത്തുനിന്ന് നടപടികൾ ഒന്നും ഉണ്ടായില്ല.

ഇതിനിടെ ഫെബ്രുവരി 18 ന് ഉച്ചയ്ക്ക് 12.10 ന് മുത്തങ്ങ യൂക്കാലിത്തോട്ടത്തിന് തീ പടരുകയും അത് അണയ്ക്കാൻ ഒരു വാടക വണ്ടിയും കൂട്ടി ഞാനും പി. രാജൻ ഫോറസ്റ്റർ, മൂസ്സ ഫോറസ്റ്റർ, ഹരികൃഷ്ണൻ എൽ. ഡി.സി എന്നിവരും വാച്ചർമാരെയും കൂട്ടി തീ അണയ്ക്കാൻ അവിടേയ്ക്ക് പോകുന്നു. ആദ്യം യൂക്കാലിയുടെ ഭാഗത്തെ തീ അണയ്ക്കുകയും അതിനു ശേഷം മുമ്പോട്ട് തീ അണയ്ക്കാ ൻ പോകുമ്പോൾ വഴിയിൽ റോഡ് ബ്ലോക്ക് ചെയ്ത നിലയിൽ കാണുന്നു. അതൊക്കെ മാറ്റി മുമ്പോട്ടു തന്നെ ഞാനും എന്റെ കൂടെയുള്ളവരും നീങ്ങുന്നു. ഞങ്ങൾക്ക് എസ്കോർട്ട് ആയി പോലീസ് വാനും ഉണ്ടായിരുന്നു. ഇതിനിടയി ൽ, തോട്ടാമൂലയിൽ നിന്നും വന്ന സുരേഷ് ബാബു ഫോറസ്റ്റ് ഗാർഡിനെ ഗോത്രമഹാസഭക്കാർ തടഞ്ഞു വെച്ച കാര്യം വയർലസ്സിലൂടെ എന്നെ വിളിച്ച് അറിയിച്ചു.

ഉടൻ തന്നെ ഞാനും ഒമ്പത് പോലീസുകാരും ഫോറസ്റ്റർമാരായ രാജനും മൂസ്സയും വാച്ചർമാരും സ്ഥലത്തേക്ക് പോകുന്നു. അപ്പോൾ അവിടെ ഗോത്രമഹാസഭക്കാർ ഏകദേശം 200ന് മുകളിൽ ഉണ്ടായിരുന്നു. അവിടെ എത്തിയപ്പോൾ മാരകായുധങ്ങളുമായി അവർ ഞങ്ങളെ വളയുകയും ഞങ്ങളെയും ബന്ദിയാക്കിയതായി പറയുകയും ചെയ്തു. അതിനുശേഷം ഞങ്ങളുടെ കൂട്ടത്തിലുള്ള വാച്ചർമാരെയും ജീപ്പ് ഡ്രൈവറേയും അവർ വളരെ ക്രൂരമായി മർദ്ദിച്ച് വലിച്ചിഴച്ച് അവരുടെ സങ്കേതത്തിലേക്ക് കൊണ്ടു പോവുകയും ചെയ്തു. അവസാനം എന്നെയും ഫോറസ്റ്റർ രാജനേയും ഗാർഡ് സുരേഷ് ബാബുവിനേയും അവരുടെ സങ്കേതത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. വഴിനീളെ ക്രൂരമായി മർദ്ദിച്ചുകൊണ്ടിരുന്നു. വിവരം അറിഞ്ഞ റെയിഞ്ച് ഓഫീസർ പി.എം. സുരേഷ് അപ്പോൾത്തന്നെ സംഭവസ്ഥലത്തേക്ക് വരികയും എന്നാൽ വഴിയിൽ മരങ്ങൾ മുറിച്ച് ബ്ലോക്ക് ആക്കിയതിനാലും ഗോത്ര മഹാസഭക്കാർ തടഞ്ഞതിനാലും സംഭവ സ്ഥലത്ത് എത്താൻ കഴിഞ്ഞില്ല.

ഞങ്ങളെ വ്യത്യസ്ത സ്ഥലങ്ങളിലായി (തകരപ്പാടി ഭാഗം) കെട്ടിയിടുകയും മുഖംമൂടി അണിഞ്ഞു ചെറിയ സംഘങ്ങളായി വന്ന കയ്യേറ്റക്കാർ ഞങ്ങളെ ദേഹോപദ്രവം ഏൽപ്പിക്കുവാനും തുടങ്ങി. ഇങ്ങനെ വൈകുന്നേരം മുതൽ പിറ്റേ ദിവസം 19-ാം തീയതി രാവിലെ വരെ ഞങ്ങളെ വ്യത്യസ്ത സംഘങ്ങൾ പിറകു വശം കൈകെട്ടി പുറത്തും മുഖത്തുമായി വടി കൊണ്ട് തലങ്ങും വിലങ്ങും അടിച്ച് ക്രൂരമായി പീഢിപ്പിക്കുകയും ചെയ്തു. ഞങ്ങളെ അവരുടെ ബന്ദിയാക്കിക്കൊണ്ടുവരുമ്പോൾ മുൻകൂറായിത്തന്നെ ചില മാധ്യമപ്രവർത്തകരും അവിടെയുണ്ടായിരുന്നു. അവർ ഞങ്ങളെ ഉപദ്രവിക്കുന്ന ഫോട്ടോ

കളൊക്കെ വളരെ ലാഘവത്തോടെ എടുക്കുകയും ഫ്ളാഷ് ന്യൂസ് ആയി പുറത്തേക്ക് അറിയിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. കൊടിയ മർദ്ദനങ്ങൾക്കിടയിൽ വെള്ളത്തിന് ചോദിച്ചപ്പോൾ മൂത്രം ഒഴിച്ചു തരികയും ചെയ്തു. എത്രയോ കാലം കാക്കിധരിച്ച എനിക്ക് ഇത്തരം ഒരു ക്രൂരത സങ്കല്പിക്കുവാൻ പോലും കഴിയുമായിരുന്നില്ല പിറ്റേന്നായാപ്പോൾ പുറത്ത് കളക്ടറുടെ നേതൃത്വത്തിൽ മധ്യസ്ഥ ചർച്ചകൾ നടക്കുന്നതായി അറിഞ്ഞു. ഞങ്ങളെ ബന്ദിയാക്കി കൊണ്ടുവന്നപ്പോൾ മുൻ കൂട്ടി ക്യാമ്പിൽ ഉണ്ടായിരുന്ന ചില മാധ്യമപ്രവർത്തകർ കലക്ടർ, ആർ.ഡി. ഒ. അടക്കമുള്ളവരുടെ സംഭാഷണങ്ങളും പുറത്തെ കാര്യങ്ങളും ഗോത്രമഹാസഭായ്ക്കു ചോർത്തിക്കൊടുക്കുകയും ഞങ്ങളോട് വളരെ പക്ഷപാതപരമായി പെരുമാറുകയും ചെയ്തിരുന്നു. പിറ്റേന്ന് ഉച്ചയോടെ കലക്ടറുടെ മധ്യസ്ഥതയിൽ ഞങ്ങളെ മോചിപ്പിക്കുകയും ഉടൻ തന്നെ ബത്തേരി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. 2 ദിവസത്തോളം ഞങ്ങൾ ആശുപത്രിയിൽ കഴിഞ്ഞു. മുത്തങ്ങ വെടിവെയ്പ്പും മറ്റും ഉണ്ടായപ്പോൾ ആശുപത്രിയിൽ കഴിയുന്നത് സുരക്ഷിതമല്ലാത്തതിനാൽ ഞങ്ങളെ ഡിസ്ചാർജ് ചെയ്യുകയാണ് ഉണ്ടായത്.

എന്റെ ദീർഘനാളത്തെ സർവ്വീസിനിടയിൽ ഇത്രയും ഭീകരമായ ഒരു അനുഭവം എനിക്ക് ഉണ്ടായിരുന്നില്ല. ഞാൻ ആദ്യം സർവ്വീസിൽ പ്രവേശിച്ചത് നിലമ്പൂർ ആയിരുന്നു. ഫോറസ്റ്റ് ഉദ്യോഗസ്ഥന് ജോലി ചെയ്യാൻ വളരെ ബുദ്ധിമുട്ടുള്ള പ്രദേശം. എന്നാൽ അവിടുത്തെ ജനങ്ങളും ഞാനും തമ്മിൽ നല്ല സഹകരണത്തോടെ പ്രവർത്തിച്ചു. അങ്ങനെ ഞാൻ 14 വർഷം അവിടെ സർവ്വീസ് ചെയ്തു. അതിനു ശേഷം പാലക്കാട് താമരശ്ശേരി തുടങ്ങിയ സ്ഥലങ്ങളിലും ജോലി ചെയ്തു. അവസാനമാണ് ഞാൻ മുത്തങ്ങയിൽ ഫോറസ്റ്റർ ആയി എത്തുന്നത്. മുത്തങ്ങയിലെ ജനങ്ങളും അതിനേക്കാളുപരി ആദിവാസികളുമായി ഞാൻ നല്ല സൗഹൃദത്തിലായിരുന്നു. ഇവിടുത്തെ ആദിവാസികളൊന്നും സമരത്തിൽ ഉണ്ടായിരുന്നില്ല. സമരക്കാർ മുഴുവനും പുറത്തുനിന്നുള്ളവരായിരുന്നു. നേതാക്കൾ തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, മാനന്തവാടി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ളവരും. അതുകൊണ്ട് തന്നെയാണ് എനിക്കും സഹപ്രവർത്തകർക്കും നാട്ടുകാരായ ആദിവാസികൾക്കും ഇത്ര ഭീകരമായ പീഡനങ്ങൾ ഏൽക്കേണ്ടിവന്നത്. ഞങ്ങളെ മോചിപ്പിക്കുവാനും കയ്യേറ്റക്കാരെ ഒഴിപ്പിക്കുവാനും മുത്തങ്ങയിലെ ജനങ്ങളും സമീപവാസികളും രാഷ്ട്രീയം മറന്ന് ശക്തമായ നിലയിൽ തന്നെ പ്രതികരിച്ചിരുന്നു. വെടിവെപ്പിനു ശേഷമാണ് രാഷ്ട്രീയ സമീപനത്തിൽ മാറ്റമുണ്ടായത്. അതിന്റെ കാരണങ്ങൾ ഞാൻ വിശദീകരിക്കുന്നില്ല. ആദിവാസി ഭൂമി സമരത്തിന്റെ മറവിൽ എന്താണ് ഇവിടെ നടന്നതെന്ന് മുത്തങ്ങയിലെ ആദിവാസികൾക്കും ജനങ്ങൾക്കും അറിയാവുന്നതാണ്. സത്യം എക്കാലത്തും മറച്ചു വയ്ക്കാൻ കഴിയില്ല. അത് മറനീക്കിപുറത്ത് വരുകതന്നെ ചെയ്യും. ഇപ്പോൾ കുറേശ്ശെയായി വന്നുകൊണ്ടിരിക്കുന്നതുപോലെ. ◆

## ജില്ലാവാർത്തകൾ — വയനാട്


31-12-2006 ന് സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീ എ. മൂസ്സ ഫോറസ്റ്റർക്കു KFPSA മാനന്തവാടി താലൂക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ യാത്രയയപ്പു നൽകി. താലൂക്കു പ്രസിഡന്റ് എം. ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. നോർത്ത് വയനാട് ഡി. എഫ്. ഒ. ശ്രീ. കെ. വി. സുബ്രഹ്മണ്യൻ IFS ഉപഹാര സമർപ്പണം നടത്തി. KFPSA ജില്ലാ സെക്രട്ടറി ടി. പി. വേണുഗോപാൽ, പി. എം. വേണുഗോപാലൻ (പേരിയ റെയ്ഞ്ചോഫീസർ), കെ. രാമകൃഷ്ണൻ (ബേഗൂർ റെയ്ഞ്ചോഫീസർ), കുമാരി ഷജ്ന (പി.ആർ.ഒ.) ആശംസകളർപ്പിച്ചു സംസാരിച്ചു. താലൂക്ക് സെക്രട്ടറി പി. അനിൽകുമാർ സ്വാഗതവും ട്രഷറർ സുരേഷ്കുമാർ നന്ദിയും പറഞ്ഞു.

31-01-07 ന് സർവീസിൽ നിന്ന് വിരമിച്ച കെ. ശശിധരൻ ഫോറസ്റ്റർക്ക് മാനന്തവാടി താലൂക്ക് കമ്മറ്റി യാത്രയയപ്പു നൽകി. എം. ശശിധരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബേഗൂർ റെയ്ഞ്ചോഫീസർ കെ. രാമകൃഷ്ണൻ സംഘടനയുടെ ഉപഹാരം സമർപ്പിച്ചു. ജില്ലാ ട്രഷറർ എസ്. രഞ്ജിത്ത് കുമാർ, റെയ്ഞ്ചോഫീസർമാരായ എ. ദാമോദരൻ, പി.എം. വേണുഗോപാലൻ, കുമാരി ഷജ്ന, സീനിയർ സൂപ്രണ്ട് എ. എൻ. വിശ്വനാഥ്, കെ. പി. ശ്രീജിത്ത്, പി. വി. ഗോപാലകൃഷ്ണൻ, എ. പി. ശ്രീജിത്ത് തുടങ്ങിയവർ ആശംസകളർപ്പിച്ചു. താലൂക്ക് സെക്രട്ടറി പി. അനിൽകുമാർ സ്വാഗതവും ട്രഷറർ സുരേഷ്കുമാർ നന്ദിയും പറഞ്ഞു.

ലേഖനം

# മുത്തങ്ങ - നടുങ്ങുന്ന ഓർമ്മകൾ

പി. കെ. ശശിധരൻ, ഫോറസ്റ്റർ-റിട്ടയേർഡ്



2003 ഫിബ്രവരി 19 ആ ദിനത്തെപറ്റി ഓർക്കുമ്പോൾ തന്നെ നടുക്കം തോന്നുന്നു. എന്റെ അസ്ഥിത്വം തന്നെ ഇല്ലാതാവും എന്ന് ഞാൻ കരുതിയ ദിനം. ഓർമ്മകൾ എന്നെ നാലു സംവത്സരങ്ങൾ പിറകോട്ട് കൊണ്ടുപോവുന്നു.

2003 ഫെബ്രുവരി 18 ന് ബത്തേരി കോടതിയിൽ നിന്നും സാക്ഷിവിസ്താരം കഴിഞ്ഞ് സന്ധ്യക്ക് തോൽപ്പെട്ടിയിൽ തിരിച്ചെത്തിയ നേരം. എന്നെ ഒരു വയർലെസ്സ് മെസ്സേജ് കാത്തിരുന്നു. നാളെ രാവിലെ 7.30 മണിക്ക് മുത്തങ്ങ അസി.വൈൽഡ് ലൈഫ് വാർഡൻ മുമ്പാകെ ഡ്യൂട്ടിക്ക് ഹാജരാവണം.

കല്പനയനുസരിച്ച് അപ്പോൾ തന്നെ മുത്തങ്ങയിലേക്ക് യാത്ര തിരിച്ചു. മുമ്പ് ജോലിചെയ്ത പരിചയം വെച്ചു രാത്രിയിലെ താമസത്തിനും മറ്റും വലിയ അസൗകര്യമില്ലാതെ കഴിച്ചു.

രാവിലെ ഏഴ് മണിക്ക് മുത്തങ്ങ അസി. വൈൽഡ് ലൈഫ് വാർഡൻ മുമ്പാകെ ഹാജരായി. പോലീസും ഫോറസ്റ്റും സേനകളുടെ വലിയ ഒരു സന്നാഹം തന്നെ അവിടെ ഒരുക്കിയിട്ടുണ്ട് എന്ന് മനസ്സിലായി. മറ്റുസഹജീവനക്കാരോടൊപ്പം ഡ്യൂട്ടിക്കായി ഊഴം കാത്തുനിന്നു. 8 മണിക്ക് ഡ്യൂട്ടിയുടെ ഏകദേശരൂപം പോലീസ് മേധാവികളുടെ നിർദ്ദേശങ്ങളിൽ നിന്ന് എനിക്ക് കിട്ടി.

രാവിലെ 8.35 ന് നിരനിരയായി മുത്തങ്ങ വൈൽഡ് ലൈഫ് റെയിഞ്ചിലെ തകരപ്പാടിയിൽ നിന്നും ഗൗണ്ടർവയൽ ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരുന്നു. സംഘം മുന്നോട്ട് നീങ്ങവെ പെട്ടെന്ന് ഒരു കയ്യേറ്റക്കാരനായ ആദിവാസി ഒരു മരത്തിന്റെ മറവിൽനിന്നും ചാടി ഒരു പോലീസു കാരനെ വെട്ടി. അയാൾ വളരെ ദയനീയമായി, വെട്ടു കൊണ്ട കാൽ ഉയർത്തിപ്പിടിച്ചു നിലത്തുകിടന്നു വേദനയോടെ നിലവിളിക്കുന്നുണ്ടായിരുന്നു.

ഉടനെ വെട്ടിയ ആദിവാസിയെ പോലീസുസേന വളഞ്ഞു. ഉയർന്ന പോലീസുദ്യോഗസ്ഥന്മാരും മറ്റും അവനെ ഒന്നും ചെയ്യരുത് എന്നു പറഞ്ഞുകൊണ്ട് ചുറ്റും കൂടി. പോലീസുകാരനെ ആശുപത്രിയിലേക്ക് നീക്കി. വെട്ടിയ ആദിവാസിയെ കസ്റ്റഡിയിൽ എടുത്തു കൊണ്ടുപോയി.

തുടർന്ന് ഞങ്ങൾ മുന്നോട്ടു യാത്ര തുടർന്നു. അതിനിടയ്ക്ക് ആനപുല്ല് വളർന്നുനില്ക്കുന്ന സ്ഥലത്തെത്തിയപ്പോൾ കയ്യേറ്റക്കാർ ചുറ്റുപാടും തീയിട്ടു ഞങ്ങളെ ഒരു അഗ്നിവൃത്തത്തിലാക്കി. ഓരോ അഗ്നിവൃത്തവും മുറിച്ചു കടക്കുമ്പോൾ വേറെ വേറെ ഭാഗത്തു തീവെച്ചു ഞങ്ങളെ അപായപ്പെടുത്താൻ ശ്രമിച്ച ആദിവാസികളെ പിടികൂടാൻ പോലീസുസേന അവരുടെ പിറകേ ഓടുന്നുണ്ടായിരുന്നു. ഈ കൂട്ടത്തിൽ ഞാനും ഓടി. കുന്നിന്റെ മുകൾ ഭാഗത്ത് ഓടിക്കയറി അവരെ പിൻതുടർന്ന ഞങ്ങൾ ഒടുവിൽ ചെറുകൂട്ടങ്ങളായി സുമാർ നാൽപതോളം വരുന്ന സംഘമായി. വളരെ പരന്ന ഒരു സ്ഥലത്ത് എത്തിയപ്പോൾ ഞങ്ങൾനിന്നു. കുറച്ചകലെ ഒരു കൂട്ടം ആദിവാസികൾ ക്യാമ്പ് എന്ന് തോന്നിക്കുന്ന ഒരു ഷെഡിൽ കൂട്ടം കൂടി നിൽക്കുന്നുണ്ടായിരുന്നു. അവർ ഞങ്ങളുടെ നേരെ മുഷ്ടികൾ ചുരുട്ടി എന്തോ ആക്രോശിക്കുന്നുണ്ടായിരുന്നു.

കാര്യത്തിന്റെ ഗൗരവം അറിഞ്ഞ ഞങ്ങൾ ആയുധങ്ങൾ റെഡിയാക്കി വരിവരിയായി നിന്നു. കയ്യേറ്റക്കാർ ഓരോ മരങ്ങൾ മറഞ്ഞു മറഞ്ഞു മുന്നോട്ടു വരുന്നുണ്ടായിരുന്നു. കൂട്ടം തെറ്റിപ്പോയവർക്കുപകരം കൂടുതൽ സേനകളെ കൂട്ടിവരാൻ തകരപ്പാടിക്ക് രണ്ടു ഗാർഡുമാരെ വിട്ടു. കുറച്ചു കഴിഞ്ഞപ്പോൾ ഒരു പോലീസു വിസിൽ കേട്ടു. നമ്മുടെ സേന സഹായിക്കാൻ വരികയാണെന്നു വിചാരിച്ചു ഞങ്ങൾ ആശ്വസിച്ചു. പക്ഷേ കയ്യേറ്റക്കാർ വിളിച്ച വിസിൽ ആണ് എന്ന് പിന്നെയാണ് മനസ്സിലായത്.

അക്രമിസംഘം ഓരോ മരങ്ങൾ മറഞ്ഞു മറഞ്ഞ് മുന്നോട്ട് വന്നുകൊണ്ടിരുന്നു. ഏറ്റവും വലത്തെ അറ്റത്തായിരുന്ന എന്റെ മുമ്പിൽ നാല് ആയുധധാരികളായ ചെറുപ്പക്കാർ വന്നുനിന്നു. അപ്പോഴേക്കും പ്രതിരോധിക്കാനുള്ള അവസരം നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു.

അവർ എന്റെ മുമ്പിൽ ആയുധങ്ങളുമായി നിൽക്കുന്നത് ഞാൻ

കാണുന്നുണ്ട്. ആദ്യത്തെ ഒന്നു രണ്ട് വെട്ട് ഞാൻ ഒഴിഞ്ഞുമാറി. പിന്നെ അവർ എന്റെ മൂക്കിനും തലക്കും മറ്റും ആഞ്ഞുവെട്ടി. ആകെ പരിക്കേറ്റ് ചോരയൊലിക്കുന്ന അവശനായ എന്നെ അവർ പിടികൂടി. എന്നെ ക്യാമ്പിൽ കൊണ്ടിടാൻ ആജ്ഞാപിക്കുന്നത് ഞാൻ കേട്ടു. അതിനിടെ നീണ്ട മുനയുള്ള മൂർച്ചയുള്ള ഒരു ആയുധം കൊണ്ട് എന്നെ ആരോ വീണ്ടും കുത്തി. എന്റെ വാരിയെല്ലു തുളച്ചു ശ്വാസകോശത്തിന് ഏറ്റ മുറിവ് എന്നെ തീർത്തും തളർത്തി. ഞാൻ രണ്ടുപേരുടെ ചുമലിൽ തൂങ്ങി നടന്നു. അവർ ഞാൻ നേരത്തെ കണ്ട ഓല ഷെഡ്ഡിൽ എന്നെ കൊണ്ടിട്ടു. രക്തം നന്നായി ഒഴുകുന്നുണ്ടായിരുന്നു. അവർ തോർത്ത് മുണ്ട് രക്തം വാർന്ന് ഒഴുകുന്ന മുറിവിൽ പൊത്തിവെയ്ക്കുന്നുണ്ടായിരുന്നു. വെള്ളത്തിന് ചോദിച്ച എനിക്ക് കിട്ടിയത് 'മരിക്കുന്ന നിനക്കെന്തിനാ വെള്ളം' എന്ന മറുചോദ്യമായിരുന്നു. നേതാവ് വളരെ ലാഘവത്തോടെ എന്റെ മുൻപിൽ ഇരിക്കുന്നത് കണ്ടു. കുറച്ചുകഴിഞ്ഞാണ് ആകെ ചോരയൊലിപ്പിച്ച് എന്റെ തലയ്ക്ക് പിറകിൽ കിടന്ന വിനോദ് എന്ന പോലീസ് കോൺസ്റ്റബിളിനെ ഞാൻ കണ്ടത്. കുറച്ച് കഴിഞ്ഞ് ഒരു ആദിവാസി ബാലൻ വന്ന് എന്റെ കൈവശമുള്ള പേഴ്സ്, വിവാഹമോതിരം സ്വർണ്ണത്തിൽ കെട്ടിയ രുദ്രാക്ഷം എന്നിവ എടുത്ത് മാറ്റി. കൈയിൽ ധരിച്ചിരുന്ന മോതിരം ഊരാൻ ശ്രമിച്ചു കിട്ടാതിരുന്നപ്പോൾ നേതാവിന്റെ ആജ്ഞ കേട്ടു. 'മോതിരം കിട്ടുന്നില്ലെങ്കിൽ വിരൽ വെട്ടി എടുത്തോ' എന്ന്.

രാവിലെ സുമാർ 11 മണിക്ക് ആരൊക്കെയോ നടന്ന് വരുന്നത് കാണാമായിരുന്നു. യൂണിഫോം ധാരികളായ അവർ അടുത്തു വന്നുകൊണ്ടിരിക്കുമ്പോൾ നേതാവിന്റെ ആജ്ഞ കേട്ടു. അവർ വന്നോട്ടെ, ഇവന്മാരുടെ തലകൾ വെട്ടി അവർക്കിട്ട് കൊടുക്ക് . അത് പറയുമ്പോൾ ഒരു യുവാവ് എന്റെ കഴുത്തിൽ മൂർച്ചയുള്ള ഒരു കത്തി ചേർത്തുപിടിച്ചു. അവരോട് പോകാൻ പറയെടാ, ഇല്ലെങ്കിൽ നിന്റെ തല ഇപ്പോൾ വെട്ടും എന്ന് പറഞ്ഞുകൊണ്ടിരുന്നു. ഞാൻ സംസാരശേഷി നഷ്ടപ്പെട്ട നിലയിലായിരുന്നു. പ്രാണഭയം മൂലം കൈകൊണ്ട് "വരല്ലേ... വരല്ലേ.." എന്ന് ഞാൻ വിലക്കി. എന്നാൽ പോലീസ് കോൺസ്റ്റബിൾ വിനോദ് ഒട്ടും കൂസലില്ലാതെ ഒന്നിനും വഴങ്ങാതെ ധീരമായി തന്നെ നിന്നു. അവശമായ ആ കിടപ്പിലും ഇടയ്ക്കിടയ്ക്ക് എന്നെ നോക്കി ധൈര്യം പകർന്നു തന്നു വിനോദ്. ചെറുപ്പത്തിന്റെ വീര്യവും താനുൾക്കൊള്ളുന്ന പോലീസ് സേനയെക്കുറിച്ചുള്ള ആത്മബോധവും വല്ലാതെ പ്രതിഫലിച്ചിരുന്നു ആ പോലീസുകാരനിൽ. വിനോദിന്റെ ആത്മധൈര്യം എന്നെ എത്രമാത്രം ആകർഷിച്ചിരുന്നു എന്ന് വിവരിക്കാൻ വയ്യ.

വൈകുന്നേരം സുമാർ 5 മണിക്ക് ഞങ്ങളുടെ ചുറ്റുപാടും നിലത്ത് പരന്നുകിടക്കുന്ന വൈക്കോലിൽ മണ്ണെണ്ണ ഒഴിച്ചു. ഉടനെ ഒരാൾ (ജോഗി ആണെന്ന് പിന്നീട് അറിഞ്ഞു) കൈയിൽ ഒരു പന്തവുമായി അല്പം ഉയർന്ന മൺതിട്ടയിൽ ഞങ്ങളുടെ അരികിൽ നില്ക്കുന്നുണ്ടായിരുന്നു. എങ്ങും നിശബ്ദത. ഞാൻ മനസ്സിൽ ഭഗവാനെ എന്ന് പ്രാർത്ഥിച്ചു കിടന്നു. പിന്നെ അടക്കിപ്പിടിച്ച സംസാരം കേട്ടു. തുടർന്ന് ആരൊക്കെയോ ഓടിയടുക്കുന്ന ശബ്ദവും ബൂട്ടിന്റെ കനത്ത ശബ്ദവും കേൾക്കുന്നുണ്ടായിരുന്നു. അതിനിടയ്ക്ക് ഞങ്ങളെ തീവെച്ചുകൊല്ലാൻ പന്തവുമായി നിൽക്കുന്ന ജോഗി തന്റെ വലതുകൈയിലെ പന്തം ഇടതുകൈയിലേക്ക് കൈമാറി എന്തിനും തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് വെടിശബ്ദം. ജോഗിയുടെ കൈയിലെ പന്തം നിലത്തുവീണു. അത് മണ്ണെണ്ണ പറ്റാത്ത വൈക്കോലില്ലാത്ത ഭാഗത്തുവീണു. ജോഗിയും മറിഞ്ഞുവീണു. ഉടനെ എന്റെ ചുറ്റും പോലീസ് സേന വളഞ്ഞു. എന്റെ തൊട്ടുപിറകിലുള്ള വിനോദിനെ ആദിവാസി ഗോത്രസഭാ പ്രവർത്തകർ വെട്ടുന്നതും പൊക്കിയെടുത്തു പുറത്തേക്ക് കൊണ്ടുപോയി വെട്ടുന്നതും ഇതിനിടയിൽ ഞാൻ കണ്ടു.

ഞാൻ പിന്നെ ബത്തേരി ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജിൽ തീവ്രപരിചരണ മുറിയിലും ചികിത്സയിൽ കഴിഞ്ഞു. പിറ്റേന്നാണ് ഡോക്ടർ മോഹൻദാസ് പറഞ്ഞറിഞ്ഞത് എന്റെ കൂടെ പരിക്കേറ്റ കോൺസ്റ്റബിൾ വിനോദ് മരിച്ചെന്നും നാടാകെ മുത്തങ്ങയുടെ പേരിൽ കോലാഹലങ്ങൾ നടക്കുന്നുവെന്നും. എന്റെ മരണവൃത്താന്തവും സ്ഥിരീകരിക്കാത്തതായി എവിടെയും തങ്ങിനില്പ്പുണ്ടായിരുന്നു. ഞാൻ ജീവിച്ചു. സർവ്വീസിൽ നിന്ന് നല്ല നിലയിൽ പിരിയാനുള്ള ഭാഗ്യവുമുണ്ടായി. മനസ്സിൽ ഒരുപാട് പേരോട് നന്ദി പറയുന്നുണ്ട്. എന്റെ ജീവനു വേണ്ടി പ്രാർത്ഥിച്ച നാട്ടുകാർ, സഹജീവനക്കാർ, എന്നെ രക്ഷപ്പെടുത്തിയ കമാൻഡന്റ് സുരേഷ്‌രാജ് പുരോഹിതിന്റെ നേതൃത്വത്തിലുള്ള പോലീസ് സേന, പരിചരിച്ചു രക്ഷപ്പെടുത്തിയ ഡോക്ടർമാർ, എനിക്ക് ധൈര്യം പകർന്നു നല്കിയ കെ. എഫ്. പി. എസ്.എ പ്രവർത്തകർ-എല്ലാവരോടും എനിക്ക് നന്ദിയുണ്ട്. ◆